30 (586) മാവൂർ ഗ്രാസിം ഇൻഡസ്ട്രീസ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാസിം ഇൻഡസ്ട്രീസിന്റെ ഉടമയുമായി സംസ്ഥാന വ്യവസായ വകുപ്പുമന്ത്രി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം കാര്യങ്ങളെപ്പറ്റിയാണ് ചർച്ച ചെയ്തത് എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വ്യവസായ സ്ഥാപനത്തിന് ഇപ്പോൾ അസംസ്കൃത സാധനങ്ങൾ ഗവൺമെന്റ് കുറഞ്ഞ വിലയ്ക്ക് നൽകുന്നുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത സാധനങ്ങൾക്ക് ഈടാക്കുന്ന വില എന്തെന്നും അതിന്റെ മാർക്കറ്റ് വില എന്തെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുവിൽ വ്യവസായം തുടങ്ങുന്ന പ്രശ്നങ്ങളെ സംബന്ധിച്ച്.

(സി) ഇല്ല. അസംസ്കൃത സാധനങ്ങൾ നൽകുന്നത് സംബന്ധിച്ച് ഗ്രാസിം ഇൻഡസ്ട്രീസും സർക്കാരും തമ്മിൽ നിലവിലുണ്ടായിരുന്ന കരാർ 31-8-99-ൽ അവസാനിച്ചു. കരാർ നീട്ടി കൊടുക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) ഉദിക്കുന്നില്ല.

31 (587) ടെക്നോപാർക്കിന്റെ വികസനം

ശ്രീ. ജോണിനെല്ലൂർ :
ശ്രീ. ടി.എം. ജേക്കബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോപാർക്കിന്റെ വികസനത്തിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) ഇവിടെ എത്ര യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്;

(സി) ടെക്നോപാർക്കിനുവേണ്ടി എത്ര ഏക്കർ സ്ഥലമാണ് ലഭ്യമാക്കിയിട്ടുള്ളത്;

(ഡി) ഇതിൽ പണി പൂർത്തിയായ ഏരിയ എത്രയുണ്ട്; ഇതിൽ നിന്നും വിവിധ യൂണിറ്റുകൾക്കായി എന്തുസ്ഥലം നൽകിയിട്ടുണ്ട്;

(ഇ) ടെക്നോപാർക്ക് വഴി എത്ര ആളുകൾക്ക് ഇതുവരെ തൊഴിൽ ലഭ്യമായിട്ടുണ്ട്;

(എഫ്) സോഫ്റ്റ്വെയർ നിർമ്മാണവുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ എത്ര യൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ടെക്നോപാർക്കിന്റെ വികസനത്തിനായി സർക്കാർ ഇതുവരെ 7170 ലക്ഷം രൂപ ഗ്രാന്റായി നൽകിയിട്ടുണ്ട്. കൂടാതെ 20 കോടി രൂപയുടെ വെൻച്വർഫണ്ട് രൂപീകരിക്കുകയും, 'സിറ്റ്മ' എന്ന പേരിൽ ഐ.ടി മാനേ ജ്മെന്റ് സ്കൂൾ ടെക്നോപാർക്കിൽ സ്ഥാപിക്കാനുള്ള നടപടികളെടുക്കു കയും ചെയ്തിട്ടുണ്ട്. ടെക്നോപാർക്കിൽ വരുന്ന കമ്പനികൾക്കായി ഐ.ടി. നയത്തിൽ വളരെയധികം ഇളവുകളനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതുവരെ നാൽപതു കമ്പനികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) 194 ഏക്കർ.

(ഡി) പണി പൂർത്തിയായത് (ഗ്രീൻബെൽറ്റുൾപ്പെടെ) 112 ഏക്കറുണ്ട്. യൂണിറ്റുകൾക്ക് ഇതിൽനിന്നും 7 ഏക്കർ നൽകിയിട്ടുണ്ട്.

(ഇ) 3600 നേരിട്ടുള്ള തൊഴിലവസരങ്ങളും 1000 ത്തോളം പരോക്ഷ മായ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

(എഫ്) 36 സോഫ്റ്റ്വെയർ കമ്പനികളും 4 ഹാർഡ്വെയർ കമ്പനി കളും പ്രവർത്തിക്കുന്നു.

32 (588) കെൽട്രോണിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെൽട്രോണിന്റെ കീഴിൽ എത്ര സ്ഥാപനങ്ങൾ ഉണ്ടായിരുന്നു;

(ബി) അതിൽ എത്രയെണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നു; എത്ര എണ്ണം നഷ്ടത്തിൽ പ്രവർത്തിക്കുന്നു;

(സി) ഇപ്പോൾ എത്ര സ്ഥാപനങ്ങൾ നിലവിലുണ്ട്;

(ഡി) നേരത്തെ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങൾ ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം;

(ഇ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ മാനേ ജ്മെന്റിന്റെ പാളിച്ചകളുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) എട്ട് സ്ഥാപനങ്ങൾ.

(ബി) 31-3-96 ലെ കണക്കനുസരിച്ച് 3 എണ്ണം ലാഭത്തിലും അഞ്ച് എണ്ണം നഷ്ടത്തിലും പ്രവർത്തിച്ചിരുന്നു.

(സി) എട്ട് സ്ഥാപനങ്ങൾ.

(ഡി) ഇല്ല. 1995-96 ൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളെ ല്ലാം ഇപ്പോഴും ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly